പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4480 13.11.2019 ന് മറുപടിയ്ക്ക്.

## കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളിൽ ആനശല്യം തടയുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ ആനശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്<br><br>വനമേഖലയോട് ചേർന്നുള്ള ജനവാസ മേഖലകളിൽ വന്യജീവി ആക്രമണം തടയുന്നതിനായി സൗരോർജ്ജ വേലികൾ നിർമ്മിച്ച് വരുന്നുണ്ട്. കോട്ടപ്പടി, പിണ്ടിമന പഞ്ചായത്തുകളിലായി വാവേലി മുതൽ അയിനിച്ചാൽ വരെ 5.50 കി.മീറ്ററും, വാവേലി മുതൽ കണ്ണക്കട വരെ 5.20 കി.മീറ്ററും, കുട്ടമ്പുഴ പഞ്ചായത്തിൽ 57.40 കി. മീറ്ററും നിലവിൽ സൗരോർജ്ജ വേലി ഉണ്ട്. കൂടാതെ, പ്രസ്തുത പ്രദേശങ്ങളിൽ ജനവാസ മേഖലകളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനും മറ്റ് അടിയന്തിര സേവനം ലഭ്യമാക്കുന്നതിനുമായി സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിനെയും വനം വകുപ്പ് ജീവനക്കാരെയും താല്ക്കാലിക വാച്ചർമാരെയും ഉൾപ്പെടുത്തി എലിഫന്റ് ഡിപ്രഡേഷൻ സ്ക്വാഡുകളെയും സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | ജനവാസ മേഖലകളിൽ ഉൾപ്പെടെ ആനകൾ നിരന്തരമായി ഇറങ്ങി വ്യാപക കൃഷിനാശം വരുത്തുന്നത് തടയാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ; | | |
| (സി) | ആനശല്യം തടയുന്നതിന് ശാശ്വത പരിഹാരം കാണുവാൻ ഈ പ്രദേശങ്ങളിൽ ഫെൻസിങ്ങും, ട്രെഞ്ചും അടക്കം കാര്യക്ഷമമായ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | നിലവിൽ പ്രസ്തുത പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ തന്നെ കോട്ടപ്പടി, കുട്ടമ്പുഴ പഞ്ചായത്തുകളിലായി 2 7 കി.മീ. സൗരോർജ്ജ വേലികൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

<table>
<tr><td>(ഡി)</td><td>ആനശല്യം മൂലമുണ്ടായ വ്യാപക കൃഷിനാശങ്ങൾക്ക് കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(ഡി)</td><td>കൃഷി നാശത്തിന് ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകി വരുന്നു.</td></tr>
<tr><td>(ഇ)</td><td>എങ്കിൽ കാലതാമസം ഒഴിവാക്കി നഷ്ടപരിഹാരം വേഗത്തിൽ നല്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;</td><td>(ഇ)</td><td>നിലവിൽ ഓൺലൈനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുകയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നൽകുകയും ചെയ്തു വരുന്നു.</td></tr>
<tr><td>(എഫ്)</td><td>2018, 2019 വർഷങ്ങളിൽ പ്രസ്തുത പഞ്ചായത്തുകളിലെ എത്ര കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയെന്നും, എത്ര തുകയാണ് ഓരോവർഷവും അപ്രകാരം നല്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?</td><td>(എഫ്)</td><td>2018, 2019 വർഷങ്ങളിൽ പ്രസ്തുത പഞ്ചായത്തുകളിൽ കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-
<table>
<tr><td rowspan="2">പഞ്ചായത്ത്</td><td colspan="2">2018 - 19</td><td colspan="2">2019 - 20</td></tr>
<tr><td>കർഷകരുടെ എണ്ണം</td><td>നല്കിയ തുക (രൂപയിൽ)</td><td>കർഷകരുടെ എണ്ണം</td><td>നല്കിയ തുക (രൂപയിൽ)</td></tr>
<tr><td>കുട്ടമ്പുഴ</td><td>26</td><td>193325</td><td>28</td><td>152559</td></tr>
<tr><td>പിണ്ടിമന</td><td>28</td><td>235840</td><td>23</td><td>228640</td></tr>
<tr><td>കോട്ടപ്പടി</td><td>68</td><td>840120</td><td>42</td><td>722860</td></tr>
<tr><td>ആകെ</td><td>122</td><td>1269285</td><td>93</td><td>1104059</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ